**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.20 09.06.2014 ൽ മറുപടിയ്ക്ക്

## കസ്തൂരിരംഗൻ കമ്മിറ്റിയുടെ കരട് വിജ്ഞാപനത്തിന്റെ കാലാവധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.ഗീതാ ഗോപി<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.ജി.എസ്.ജയലാൽ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) കസ്തൂരിരംഗൻ കമ്മിറ്റിയുടെ കരട് വിജ്ഞാപനത്തിന്റെ കാലാവധി അവസാനിച്ചതെന്നാണ്; ഈ കരട് വിജ്ഞാപനവുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് എത്ര ദിവസത്തെ കാലാവധിയാണ് ഉണ്ടായിരുന്നത്; | (എ) കാലാവധി അവസാനിച്ചിട്ടില്ല. കരട് വിജ്ഞാപനത്തിന്മേൽ അഭിപ്രായമറിയിക്കാനുള്ള കാലാവധി 60 ദിവസമായിരുന്നു. അത് 16.05.2014 ൽ അവസാനിച്ചു. |
| (ബി) കരട് വിജ്ഞാപനത്തിന്മേലുള്ള പരാതികൾ നൽകാൻ കാലാവധി നീട്ടണമെന്ന് സംസ്ഥാനം ആവ | (ബി) ഉണ്ട്. 60 ദിവസം. |

| | | | |
|---|---|---|---|
| | ശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര കാലാവധിയാണ് കൂടുതൽ ആവശ്യപ്പെട്ടതെന്ന് വെളിപ്പെടുത്തുമോ; | | |
| (സി) | കരട് വിജ്ഞാപനത്തിന്റെ കാലാവധി നീട്ടുന്നതിന് ആവശ്യപ്പെടാനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (സി) | വില്ലേജ് ലവൽ കഡസ്ട്രൽ ഭൂപടം തയ്യാറാക്കൽ വളരെ ആയാസകരവും അതോടൊപ്പം സമയദൈർഘ്യം വേണ്ടതുമായ പ്രവർത്തനമാണ്. ഇത് പൂർത്തിയാക്കാനായി ഗവൺമെന്റിന് ഒരു മാസത്തോളം സമയം വേണ്ടിവന്നു. ജനങ്ങൾക്ക് ഇത് കാണുവാനും ഇതിന്മേലുള്ള പരാതി പരിഹരിക്കുവാനുമാണ് കാലാവധി നീട്ടാൻ ആവശ്യപ്പെട്ടത്. പൊതുതെരഞ്ഞെടുപ്പും പെരുമാറ്റച്ചട്ടവും കാലാവധി നീട്ടാനുണ്ടായ ഒരു കാരണമാണ്. |

സെക്ഷൻ ഓഫീസർ